(ഡി) വയനാട് ജില്ലയിലെ പൂതാടി ഗ്രാമപഞ്ചായത്തിലെ ചീയമ്പം 73, ദേവർഗദ്ദ കോളനി, മലപ്പുറം ജില്ലയിലെ കരുളായി പഞ്ചായത്തിലെ മാഞ്ചീരി കോളനി എന്നിവിടങ്ങളിൽ പ്രാക്തന ഗോത്രവർഗ്ഗ ക്ഷേമത്തിനായി ഭവന നിർമ്മാണം, ഭക്ഷ്യ സഹായ പദ്ധതി, ആരോഗ്യ സംരക്ഷണം എന്നിവയ്ക്കായി കേന്ദ്ര ഫണ്ട് വിനിയോഗിച്ചിട്ടുണ്ട്. ആയതിന്റെ വിവരം ചുവടെ ചേർക്കുന്നു :

1. ചീയമ്പം - 73	-	ഭവന നിർമ്മാണം	- 2,04,25,000
		ഭക്ഷ്യ സഹായ പദ്ധതി	- 23,34,000
		ആരോഗ്യ പ്രവർത്തനം	- 2,10,000
2. ദേവർഗദ്ദ	-	ഭവന നിർമ്മാണം	- 17,50,000
		ഭക്ഷ്യ സഹായ പദ്ധതി	- 2,85,000
		ആരോഗ്യ പ്രവർത്തനം	- 50,000
3. മാഞ്ചീരി	-	ഭക്ഷ്യ സഹായ പദ്ധതി	- 15,75,000
		ആരോഗ്യ പ്രവർത്തനം	- 1,43,400
		ചികിത്സാ ധനസഹായം	- 80,000

ആശിക്കും ഭൂമി ആദിവാസിക്ക് എന്ന പദ്ധതി

196(2186) <u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആശിക്കും ഭൂമി ആദിവാസികൾക്ക് എന്ന പദ്ധതി പ്രകാരം കല്പറ്റ നിയോജകമണ്ഡലത്തിലെ എത്ര കുടുംബങ്ങൾക്ക് ഭൂമി വാങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ കുടുംബത്തിനും എത്ര ഏക്കർ ഭൂമി വീതം ലഭിച്ചിട്ടുണ്ട് എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(സി) ഇതിനായി എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 166 കുടുംബങ്ങൾക്ക് ഭൂമി വാങ്ങി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ കുടുംബത്തിനും ലഭിച്ച ഭൂമിയുടെ വിശദാംശം അനുബന്ധം I ആയി ചേർക്കുന്നു.*

(സി) ഇതിനായി 14,64,28,531 രൂപ ചെലവഴിച്ചിട്ടുണ്ട്.

ഹാംലറ്റ് ഡെവലപ്മെന്റ് പദ്ധതി

197(2187) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെരഞ്ഞെടുത്ത ഗോത്രവർഗ്ഗഗ്രാമങ്ങളിൽ ഹാംലേറ്റ് ഡെവലപ്മെന്റ് പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(സി) പ്രസ്തുത പദ്ധതിവഴി എന്തെല്ലാം ആനുകൂല്യങ്ങളും സേവനങ്ങളുമാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) പദ്ധതി രൂപീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) 2013-14 വർഷം 18 പട്ടികവർഗ്ഗ സങ്കേതങ്ങളേയും 2014-15 വർഷം 25 പട്ടികവർഗ്ഗ സങ്കേതങ്ങളേയും ഹാംലറ്റ് ഡെവലപ്മെന്റ് പദ്ധതി നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്ത് പദ്ധതി നടപ്പാക്കിവരുന്നു.

(ബി) പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് ഹാംലറ്റ് വികസന പദ്ധതി നടപ്പിലാക്കിവരുന്നു. അടിസ്ഥാന സൗകര്യങ്ങളായ റോഡ്, നടപ്പാത എന്നിവ നിർമ്മാണം, വാർത്താവിനിമയ സൗകര്യം മെച്ചപ്പെടുത്തൽ, കുടിവെള്ള പദ്ധതി, ഡ്രെയിനേജ് സംവിധാനം, വൈദ്യുതീകരണം, സൗരോർജ്ജ വൈദ്യുതീകരണം, സൗരോർജ്ജ വിളക്ക് സ്ഥാപിക്കൽ, ശുചീകരണ പ്രവർത്തനങ്ങൾ, ഭവന പുനരുദ്ധാരണം, മാലിന്യ സംസ്കരണം, കമ്മ്യൂണിറ്റി ഹാൾ/കളിസ്ഥലം തുടങ്ങിയ പൊതുസൗകര്യങ്ങൾ,

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly